**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 742** **02-02-2023 - ൽ മറുപടിയ്ക്ക്**

**അടിവാരം സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | താമരശ്ശേരി അടിവാരത്തെ നിർദ്ദിഷ്ട 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | അടിവാരം 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി.എൽ-ൽ നിന്നും നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ 14.06.2022 ന് കോഴിക്കോട് ജില്ലാ കലക്ടർക്ക് തുടർനടപടികൾക്കായി കെ.എസ്.ഇ.ബി.എൽ നൽകുകയും കണ്ടിജൻസി ചാർജ് ഇനത്തിൽ 6.8 ലക്ഷം രൂപ കൊയിലാണ്ടി നഗരസഭയിൽ 13.12.2022ന് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. സോഷ്യൽ ഇംപാക്റ്റ് സ്റ്റഡി നടത്തുന്നതിന് വേണ്ടി കോഴിക്കോട് കലക്ടറേറ്റ് റവന്യൂ വിഭാഗത്തിൽ അപേക്ഷയും നൽകിയിട്ടുണ്ട്. |
| (ബി) | ആയതിനുള്ള സ്ഥലമെടുപ്പ് ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; | (ബി) | അടിവാരം 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും കെ.എസ്.ഇ.ബി.എൽ-ൽ നിന്നും നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ 14.06.2022 ന് കോഴിക്കോട് ജില്ലാ കലക്ടർക്ക് തുടർനടപടികൾക്കായി കെ.എസ്.ഇ.ബി.എൽ നൽകുകയും കണ്ടിജൻസി ചാർജ് ഇനത്തിൽ 6.8 ലക്ഷം രൂപ കൊയിലാണ്ടി നഗരസഭയിൽ 13.12.2022ന് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. സോഷ്യൽ ഇംപാക്റ്റ് സ്റ്റഡി നടത്തുന്നതിന് വേണ്ടി കോഴിക്കോട് കലക്ടറേറ്റ് റവന്യൂ വിഭാഗത്തിൽ അപേക്ഷയും നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് കഴിയും. |

സെക്ഷൻ ഓഫീസർ